"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി- ശ്രീ.ശശിധരൻ, സരിതാഭവനം എന്ന വ്യക്തിയെ മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.178/2026/F&P തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 08/02/2026-ലെ DFTVM/54/2024-S3PIU നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ശശിധരൻ സരിതാഭവനം, പതിയാങ്കര, തൃക്കുന്നപ്പുഴ എന്ന വ്യക്തി ഫിഷറീസ് വകുപ്പ് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഭൂമി വാങ്ങുന്നതിന് ധനസഹായം (2016-17), ഭവന നിർമ്മാണ സഹായം (2017-18) പദ്ധതിയുടെ സർക്കാർ ക്വാട്ടയിൽ ഉൾപ്പെട്ട ഗുണഭോക്താവാണ്. ടിയാൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഭൂമി കണ്ടെത്തിയെങ്കിലും ആയത് CRZ പരിധിയിലായതിനാൽ പുനർഗേഹം പദ്ധതിയുടെ ജില്ലാ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നില്ല. ആയതിന് ശേഷം ടിയാന് ഭവന നിർമ്മാണത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുവാനും സാധിച്ചിരുന്നില്ല. സ്വന്തമായി ഭൂമിയോ, വീടോ ഇല്ലാത്ത ശ്രീ.ശശിധരൻ നിലവിൽ ഒരു ഷട്ടർ ഇട്ട കടമുറിയിലാണ് താമസിക്കുന്നതെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പുനർഗേഹം പദ്ധതിയുടെ വകുപ്പ് തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ (DLSC) 24.12.2025 തീയതിയിൽ നടന്ന ഇരുപത്തി മൂന്നാമത് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ശശിധരൻ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതി ഗുണഭോക്താവായതിനാലും, ടിയാന്റെ നിലവിലെ ദയനീയാവസ്ഥ പരിഗണിച്ചും, ലൈഫ് മിഷൻ മുഖേന സമീപഭാവിയിൽ ഭവന നിർമ്മാണ സഹായം ലഭ്യമാകാൻ സാധ്യതയില്ലാത്തതിനാലും ടിയാനെയും കുടുബത്തെയും മണ്ണുംപുറത്ത് നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിലേക്ക് പരിഗണിക്കാനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ശശിധരൻ, സരിതാഭവനം, പതിയാങ്കര എന്നയാൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതി ഗുണഭോക്താവായതിനാലും, ടിയാന്റെ നിലവിലെ ദയനീയാവസ്ഥ പരിഗണിച്ചും, ലൈഫ് മിഷൻ മുഖേന സമീപഭാവിയിൽ ഭവന നിർമ്മാണ സഹായം ലഭ്യമാകാൻ സാധ്യതയില്ലാത്തതിനാലും, മാനുഷിക പരിഗണന നൽകി ടിയാനെയും കുടുംബത്തെയും

നിർമ്മാണത്തിലിരിക്കുന്ന മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (സി2/61/2026/മതുവ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 28-02-2026 10:03:04

സെക്ഷൻ ഓഫീസർ